**DECEMBER 2022** **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. പരശുരാമൻ ഭീഷ്മരെ വധിക്കുവാൻ തയ്യാറാകുന്ന തിന് നൽകുന്ന കാരണം വിശദമാക്കുക.

2. അരഞ്ഞെറ്റവേദിയിൽ മഴയേറ്റുചാഞ്ഞ താരമപ്പൂ പേലെയായ കർണ്ണന് സഹായമായി എത്തിയ ദുര്യോധനൻ ആവശ്യപ്പെട്ടതെന്ത്?

3. ദ്രൗപദിയുടെ സ്വഭാവത്തെക്കുറിച്ച് ചുരുക്കിയെഴു തുക.

4. ശന്തനുവിന്റെ താൽപ്പര്യം നടപ്പിലാക്കാനായി ദേവവ്രതൻ സ്വീകരിച്ച തീരുമാനം ഭീഷ്മപ്രതിജ്ഞ യെന്ന് അറിയപ്പെടുന്നു. - എന്താണിത്?

5. കർണ്ണനെ മഹാത്മാവെന്ന് വിളിക്കുന്നതിന് കാരണമെന്ത്?

6. ദുര്യോധനൻ, സുയോധനൻ മുതലായ പേരുകൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

7. വയനാടിനെ താഴേ രാജ്യം എന്നു വിളിക്കുന്നത് എന്തുകൊണ്ട്?

8. മുട്ടയാണ് അവരുടെ കറൻസി - ഏതു സന്ദർഭത്തിലാണ് ഇതു പറയുന്നത്?

9. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങളെക്കുറിച്ച് ചുരുക്കിയെഴുതുക.

10. അപ്പുവിന്റെ സ്വഭാവനിരൂപണം നടത്തുക.

11. പഴനിയിലേക്കുള്ള യാത്രയെക്കുറിച്ച് കോന്തലയിൽ പറയുന്നതെന്തെല്ലാം?

12. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന് കോന്തലയിൽ പറയുന്നതിന് കാരണമെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. അശ്വത്ഥാമാവിലൂടെ പകയെന്ന വികാരം എക്കാലത്തും നിലനിൽക്കുന്നതായി ചൂണ്ടിക്കാണിക്കുന്നു - പരിശോധിക്കുക.

14. മഹാഭാരതത്തിൽ സ്നേഹത്തിനാണ് പ്രാധാന്യമെന്ന് വിലയിരുത്താനാവുമോ?

15. കുന്തിയെക്കുറിച്ച് മാരാർ അഭിപ്രായപ്പെടുന്നതെന്ത്?

16. 'ശിശുപാലൻ ചെയ്ത നൂറപരാധവും ക്ഷമിച്ച ഭഗവാൻ കൃഷ്ണൻ ജനിച്ചത് ഭൂഭാരം തീർക്കുക എന്ന സംഹാരക്രിയക്കല്ല' - കൃഷ്ണനെക്കുറിച്ചുള്ള ഈ പരാമർശത്തിൽ കാണാനാകുന്ന ലോകവീക്ഷണ മെന്ത്?

17. ആത്മഹത്യ ചെയ്യുന്നവരോട് അനുഭാവം തോന്നിക്കുന്ന ദൃശ്യത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു - സന്ദർഭമേത്?

18. വയനാടൻ സംസ്കാരത്തെക്കുറിച്ചുള്ള എഴുത്തു കാരന്റെ കാഴ്ചപ്പാട് വിവരിക്കുക.

19. ഭൂഭംഗികൾകൊണ്ട് ബാല്യം വയനാട്ടിൽ കഴിച്ചൊരാളെ നിങ്ങൾക്ക് വിഷമിപ്പിക്കാനാവില്ല - ബാല്യകൗതുകങ്ങൾക്ക് അവസരമുണ്ടാക്കിയ വയനാട്ടിലെ കാഴ്ചകൾ സംഗ്രഹിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണ ത്തിന് ഉത്തരമെഴുതുക.

20. ഭാരതപര്യടനത്തിന്റേത് മഹാഭാരതത്തിന്റെ പുതുവായനയാണ് എന്ന് സമർത്ഥിക്കാനാവുമോ? വിവരിക്കുക.

21. മനുഷ്യന്റെ ശക്തിദൗർബ്ബല്യങ്ങളെ വിലയിരുത്തുകയാണ് മഹാഭാരതം - ഭാരതപര്യടനത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

22. കഥാപാത്രങ്ങളിലൂടെ ധർമ്മബോധത്തെ വിലയിരുത്താനാണ് മാരാർ ശ്രമിക്കുന്നത്. വിലയിരുത്തുക.

23. വയനാടൻ ജീവിതത്തിന്റെ നേർക്കാഴ്ചകൾ കോന്തലയിൽ കാണാനാവും - പരിശോധിക്കുക.

24. കോന്തലയിലെ ജീവിതസന്ദർഭങ്ങൾ തെരഞ്ഞെടുത്ത് അവതരണത്തിലെ പ്രത്യേകതകൾ ചർച്ച ചെയ്യുക.

---